LIBRARY ARCHIVES Kerala Legislative Assembly

ഏകീകൃത ഫിഷറീസ് നിയമം

*6 [33] *ശ്രീ. പി. നാരായണൻ:*

.. *എം. കുമാരൻ:*

.. *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഏകീകൃത ഫിഷറീസ് നിയമം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ഒരു നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശവും ആദ്യവില്പന യ്ക്കുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിശ്ചയിക്കുന്നതി നോടുള്ള സമീപനം എന്താണെന്നു വെളിപ്പെടുത്തുമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ ഡൊമിനിക് പ്രസന്റേഷൻ)*:

(എ) മത്സ്യസമ്പത്തിന്റെ പരിപാലനത്തിനുവേണ്ടി കടലോര മേഖലയ്ക്കും ഉൾനാടൻ മേഖലയ്ക്കും ബാധകമായ ഏകീകൃത ഫിഷറീസ് നിയമം നിലവിലില്ല. ഇങ്ങനെ ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിൽ ഇല്ല. മത്സ്യസമ്പത്തിന്റെ പരിപാലനം സംബന്ധിച്ച് കടലോരമേഖലയിൽ 1980-ലെ കേരള മറൈൻ റഗുലേഷൻ ആക്ടും ഉൾനാടൻ മേഖലയിൽ മലബാർ ഭാഗത്ത് 1987-ലെ ഇൻഡ്യൻ ഫിഷറീസ് ആക്ടും തിരുവിതാംകൂർ കൊച്ചി ഭാഗത്ത് 1950-ലെ ട്രാവൻകൂർ കൊച്ചിൻ ഫിഷറീസ് ആക്ടും ഇപ്പോൾ നിലവിലുണ്ട്. ഉൾനാടൻ മേഖലയിലെ രണ്ടു നിയമങ്ങളും ഏകീകരിച്ച് ഉൾനാടൻ മേഖലയിൽ ഏകീകൃത ഫിഷറീസ് നിയമം കൊണ്ടുവരാനുള്ള കരടുനിയമം തയ്യാറാക്കിവരുന്നു.

(ബി) മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളി കളിൽ മാത്രമായി നിശ്ചയിക്കാൻ ഇപ്പോൾ നിർദ്ദേശമില്ല. മത്സ്യത്തിന്റെ ആദ്യവില്പനയ്ക്കുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്കായി നിജപ്പെടുത്താൻ നടപടിയെടുക്കുന്നതാണ്.

ഭവനരഹിത മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

*7 [34] *ശ്രീ എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുവാൻ ഭൂമി വാങ്ങുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നല്കുമോ;

(ബി) ഭവനരഹിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(സി) മത്സ്യത്തൊഴിലാളി കോളനികൾ നവീകരിക്കാനും ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് വിശദമാക്കുമോ?